**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**
വഞ്ചിയൂർ.പി.ഒ., തിരുവനന്തപുരം. പിൻ – 695035
**ഫോൺ:** 04712302490 **ഫാക്സ്:** 04712303025/20303080
**ഇ-മെയിൽ :** dhskerala@gmail.com **വെബ്സൈറ്റ്:** www.dhs.kerala.gov.in

ഇ.എച്ച് 1 - 78547/2022/ആ.വ.ഡ. തിരുവനന്തപുരം തീയതി. 03/10/2022

# സർക്കുലർ

വിഷയം: ആരോഗ്യവകുപ്പ് – ജീവനക്കാര്യം – ഭിന്നശേഷിക്കാരായ കുട്ടികളുടെ മാതാവായ/പിതാവായ സർക്കാർ ജീവനക്കാർക്ക് വിദ്യാഭ്യാസ അലവൻസ് അനുവദിച്ചു നൽകുന്നതിനുള്ള മാർഗ്ഗ നിർദ്ദേശം – സംബന്ധിച്ച്

പരാമർശം: 1. സ.ഉ.(പി) നം.3000/1998/ ധന തീയതി 25/11/1998
2. സ.ഉ.(പി) നം.1272/99/(15) ധന തീയതി 07/04/1999

മേൽ പരാമർശം 1 സർക്കാർ ഉത്തരവ് പ്രകാരം ഭിന്നശേഷിക്കാരായ കുട്ടികളുടെ മാതാവായ/പിതാവായ സർക്കാർ ജീവനക്കാർക്ക് അവരുടെ കുട്ടികൾ പൊതു വിദ്യാലയങ്ങളിലോ അല്ലെങ്കിൽ കേന്ദ്ര/സംസ്ഥാന സർക്കാർ അംഗീകാരമുള്ള സ്പെഷ്യൽ സ്കൂളുകളിലോ പഠിക്കുന്ന ഹയർ സെക്കന്ററി ഉൾപ്പെടെയുള്ള സ്കൂൾ വിദ്യാഭ്യാസ കാലയളവിൽ വിദ്യാഭ്യാസ അലവൻസ് അനുവദിച്ചു നൽകി ഉത്തരവായിട്ടുണ്ട്. മേൽ പരാമർശം ഉത്തരവ് 2 പ്രകാരം വിദ്യാഭ്യാസ അലവൻസ് അനുവദിച്ചു നൽകുന്നതിനുള്ള അധികാരം നിയമനാധികാരി /നിയന്ത്രണാധികാരിക്ക് നൽകിയിട്ടുമുണ്ട്. എന്നിരുന്നാലും ചില ജില്ലകളിൽ നിന്നും ഇപ്പോഴും വിദ്യാഭ്യാസ അലവൻസ് അനുവദിക്കുന്നതിനുള്ള എല്ലാ അപേക്ഷകളും ആരോഗ്യ വകുപ്പ് കാര്യാലയത്തിലേയ്ക്ക് അയക്കുന്നതായും ഇതുകാരണം ഇത്തരം വിഷയങ്ങളിൽ അനാവശ്യമായ കാലതാമസ്സം ഉണ്ടാകുന്നതായും ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. മേൽ സാഹചര്യത്തിൽ ഈ വിഷയത്തിൽ വ്യക്തതവരുത്തി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1. ജില്ലാ മെഡിക്കൽ ഓഫീസർ നിയമനാധികാരി/നിയന്ത്രണാധികാരിയായിട്ടുള്ള തസ്തികകളിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ ഭിന്നശേഷിക്കാരായ മക്കളുടെ വിദ്യഭ്യാസ അലവൻസ് ലഭിക്കുന്നതിനുള്ള അപേക്ഷകൾ സ്കൂൾ സർട്ടിഫിക്കറ്റ്, മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് എന്നിവ പരിശോധിച്ച് അർഹരായവർക്ക് അതതു ജില്ലാ മെഡിക്കൽ ഓഫീസർമാർക്കു തന്നെ അനുവദിച്ചു നൽകാവുന്നതാണ്.
2. ആരോഗ്യവകുപ്പ് മേധാവി നിയമനാധികാരിയായിട്ടുള്ള തസ്തികകളിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരുടെ അപേക്ഷകൾ മാത്രമേ ഈ കര്യാലയത്തിലേയ്ക്ക് അയക്കേണ്ടതായിട്ടുള്ളു. ഇത്തരത്തിൽ അയക്കുന്ന അപേക്ഷകളിൽ സ്കൂൾ സർട്ടിഫിക്കറ്റ്, മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് എന്നിവയുടെ ഒറിജിനൽ ഉള്ളടക്കം ചെയ്യേണ്ടതും നിശ്ചിതമാതൃകയിലുള്ള അപേക്ഷ ഫോറം ജില്ലാ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

ഡോ. പ്രീത പി പി
ആരോഗ്യ വകുപ്പ് ഡയറക്ടർ i/c

സ്വീകർത്താക്കൾ – 14 ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും

പകർപ്പ് –
1. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ ഔദ്യോഗിക വെബ് സൈറ്റ്.
2. ഫയൽ